ദേശീയ അന്തർദേശീയ വാണിജ്യമേളകളിൽ കേരള വിനോദസഞ്ചാര വകുപ്പിന്റെ പങ്കാളിത്തം

*13 [515] ശ്രീ. മഞ്ഞളാംകുഴി അലി:

,, സാജു പോൾ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ അന്തർദേശീയ വാണിജ്യമേളകളിൽ കേരള വിനോദസഞ്ചാര വകുപ്പ് പങ്കെടുക്കാറുണ്ടോ;

(ബി) ഈ വർഷം ഏതെല്ലാം മേളകളിൽ പങ്കെടുക്കുകയുണ്ടായെന്നും പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന മേളകൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(സി) ഇത്തരം മേളകളിൽ പങ്കെടുക്കുന്നതുമൂലം സംസ്ഥാന ടൂറിസം മേഖലയ്ക്ക് എന്തെല്ലാം നേട്ടങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ടൂറിസം മേളകൾ സംഘടിപ്പിക്കുവാനുദ്ദേശ്യമുണ്ടോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഉണ്ട്.

(ബി) ഈ വർഷം ഇതുവരെ ഐ.റ്റി.ബി.—ബർലിൻ, ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവൽ, അറേബ്യൻ ട്രാവൽ മാർട്ട് എന്നീ അന്തർദേശീയ മേളകളിലും സൗത്ത് ഏഷ്യൻ ട്രാവൽ ആന്റ് ടൂറിസം എക്സ്ചേഞ്ച്—ന്യൂഡൽഹി, ഐലന്റ് ഫെസ്റ്റിവൽ—ആന്റമാൻ, ഡബ്ല്യു.റ്റി.ഐ.—മുംബൈ, ട്രാവൽ ആന്റ് ടൂറിസം മേള—മുംബൈ, ഡൽഹി, ബാംഗ്ലൂർ എന്നീ ദേശീയ മേളകളിലും ടൂറിസം വകുപ്പ് പങ്കെടുക്കുകയുണ്ടായി. ഡബ്ല്യു.റ്റി.എം.—ലണ്ടൻ, പാറ്റ ട്രാവൽ മാർട്ട്—തായ്ലാന്റ്, മോസ്കോ ടൂറിസം മേള, സി.ഐ.റ്റി.എം.—ചൈന എന്നീ അന്തർദേശീയ മേളകളിലും, ബാംഗ്ലൂർ, ചെന്നൈ, ഹൈദ്രബാദ്, മുംബൈ എന്നിവിടങ്ങളിൽ നടക്കുന്ന ഇന്ത്യാ ഇന്റർനാഷണൽ ട്രാവൽ മാർട്ട്, ട്രാവൽ ആന്റ് ടൂറിസം ഫെയർ—കൊൽക്കത്ത, ഇന്ത്യാ ഇന്റർനാഷണൽ ട്രാവൽ എക്സ്പോ—ന്യൂഡൽഹി എന്നീ ദേശീയ മേളകളിലുമാണ് ഈ വർഷം പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഇത്തരം മേളകളിൽ പങ്കെടുക്കുക വഴി ഇന്ത്യയിലേയും മറ്റു വിദേശ രാജ്യങ്ങളിലേയും ടൂറിസം രംഗത്തു പ്രവർത്തിക്കുന്നവരെ കേരളത്തിലേക്ക് ക്ഷണിച്ചുവരുത്തി ഇവിടുത്തെ ടൂറിസം ഉൽപ്പന്നങ്ങൾ നേരിട്ട് ക്ണ്ട് ബോധിപ്പിക്കുന്നതിനും അതുവഴി കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനും ടൂറിസം വകുപ്പിന് സാധിക്കുന്നുണ്ട്. കേരളത്തിലെ ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് വിപണന തന്ത്രത്തിന്റെ ഭാഗമായി വിവിധ മേളകളിൽ കേരളത്തിന്റെ ടൂറിസം ഉൽപ്പന്നങ്ങൾ വിപണനം നടത്താനും മേളകളിൽ പങ്കെടുക്കുന്നതുമൂലം കഴിഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly